"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- BSUP, IHSDP പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച തുകകളുടെ ചെലവഴിക്കാത്ത തുക കേന്ദ്ര സർക്കാരിന്റെ Consolidated fund ലേക്ക് തിരിച്ചടക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1976/2026/LSGD തീയതി,തിരുവനന്തപുരം, 22-10-2026

---

പരാമർശം:-
1. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ 21.08.2026 ലെ ഇ-മെയിൽ മുഖേനയുള്ള കത്ത്
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15-9-2026 ലെ കത്ത്; 07.10.2026 -ലെ 865/N/2025/KSHO- Part(1) നമ്പർ കത്ത്
3. സർക്കുലർ നം.53/2023/Fin, തീയതി 06.06.2023

**ഉത്തരവ്**

കേന്ദ്രസർക്കാരിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള വിവിധ സാങ്ഷൻ ഉത്തരവുകൾ പ്രകാരം Basic Services to the Urban Poor (BSUP), Integrated Housing and Slum Development Programme (IHSDP) പദ്ധതികളുമായി ബന്ധപ്പെട്ട് 2010–11, 2014–15 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ (Utilization Certificates) ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു.

| Sl No. | Sanction No. | Year | Project Name | Pending Amount |
|---|---|---|---|---|
| 1. | N-11027/43/2007-JNNURM/NBO, dated 07.03.2011 | 2010-2011 | Conduct of slum, Slum household & livelihoods survey in cities/towns | 40,005/- |
| 2. | N-11027/28/2014/BSUP /JnNURM(FTS-10339), dated 30.4.14 | 2014-2015 | Additional Central Assistance to the sub Mission on IHSDP | 19,57,93,000/- |
| 3. | N-11027/28/2014-BSUP/JnNURM (FTS-10339) dated 01.05.2014 | 2014-2015 | Additional Central Assistance to the sub Mission on IHSDP | 1,54,79,000/- |
| 4. | N-11027/40/2014-BSUP/JNNURM (FTS-10917) dated 09.10.2014 | 2014-2015 | ACA for the submission on Basic Service to Urban Poor under JNNURM | 14,46,65,000/- |
| | Total | | | 35,59,77,005/- |

2) BSUP, IHSDP പദ്ധതികളുമായി ബന്ധപ്പെട്ട് 2011, 2014 കാലയളവിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള ടി സാങ്ഷൻ ഓർഡറുകൾ പ്രകാരം അനുവദിച്ച തുകകൾ കുടുംബശ്രീ സംസ്ഥാന മിഷന്റെ ബന്ധപ്പെട്ട BSUP, IHSDP ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തിട്ടില്ലെന്നും, സംസ്ഥാന ധനകാര്യ വകുപ്പുമായി ചേർന്ന് നടത്തിയ വിശദമായ അന്വേഷണത്തിൽ ടി തുകകൾ സ്റ്റേറ്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ബഡ്ജറ്റ്

മുഖാന്തിരം കുടുബശ്രീ സംസ്ഥാന മിഷന് അനുവദിച്ചിട്ടില്ലായെന്ന് ബോധ്യമായിട്ടുള്ളതാണെന്നും, പ്രസ്തുത തുകകൾ കുടുംബശ്രീ സംസ്ഥാന മിഷന് ക്രെഡിറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, അവയുടെ വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിനോ, ടി തുക കേന്ദ്ര സർക്കാരിന്റെ **Consolidated Fund** ലേക്ക് തിരിച്ചടക്കുന്നതിനോ നിർവാഹമില്ല എന്നും ആവശ്യമായ തുടർനിർദേശങ്ങൾ നല്കുന്നതിനും പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർഥിക്കുകയുണ്ടായി .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രപദ്ധതികൾ സംബന്ധിച്ചുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നടപടികൾ കുടുംബശ്രീ മിഷൻ സ്വീകരിക്കേണ്ടതാണ് എന്ന് നിർദേശിച്ചു ഉത്തരവാകുന്നു:-

(1) കേന്ദ്ര സർക്കാരിലേക്ക് **BSUP, IHSDP** പദ്ധതി ഇനത്തിൽ പരാമർശിച്ചിരിക്കുന്ന **35.5937** കോടി രൂപ തനതു ഫണ്ടിൽ നിന്നോ മറ്റു സ്രോതസ്സിൽ നിന്നോ ചെലവാക്കിയിട്ടുള്ള പക്ഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ് ;

(2) **BSUP, IHSDP** പദ്ധതികളുമായി ബന്ധപ്പെട്ട് പരാമർശിച്ചിരിക്കുന്ന **35.5937** കോടി രൂപ സംസ്ഥാനത്തിന്റെ **Consolidated fund** ലേക്ക് ക്രെഡിറ്റ് ആയിട്ടും ചിലവഴിച്ചിട്ടില്ലാത്ത പക്ഷം, കേന്ദ്ര സർക്കാരിന്റെ **Consolidated fund** ലേക്ക് പരാമർശം (3) സർക്കുലറിലെ **para 2 (i) & (iii)** അനുസരിച്ച് **RBI advice** മുഖാന്തിരം **Accountant General** മുഖേന കേന്ദ്ര സർക്കാരിന്റെ **Consolidated fund** ലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി എടുക്കേണ്ടതാണ് .

(3) കേന്ദ്ര പദ്ധതി ഇനത്തിൽ സംസ്ഥാനത്തിന്റെ **consolidated fund** ലേക്ക് ലഭ്യമായ തുക ചെലവഴിക്കാതിരിക്കുന്നത് നിമിത്തം, തുടർ വർഷങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കുന്ന വിഹിതത്തിൽ നിന്നു ടി തുക കുറവ് വരുത്തുകയും ഇതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടത്തിന് കാരണമാകുന്നതുമാണ്. മേൽസാഹചര്യം പരിശോധനക്ക് വിധേയമാക്കി ആവശ്യമായ തുടർനടപടികൾ മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിൽ ചെലവഴിക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന **116** കോടി രൂപയും (ടി തുക ചെലവഴിക്കാത്ത പക്ഷം) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭ്യമാക്കുന്ന തുകയിൽ നിന്ന് കേന്ദ്ര സർക്കാർ കുറവ് ചെയ്യുന്ന പക്ഷം തത്തുല്യ തുക കുടുംബശ്രീയുടെ നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കുറവ് വരുത്തുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം, ഗവണ്മെന്റ് ഓഫ് ഇന്ത്യ, ന്യൂഡൽഹി (**with C/L**)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (**WCD-3/189/2026-FIN**) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sreeja P
Date: 23-10-2026
10:51:01

സെക്ഷൻ ഓഫീസർ